മാതാപ്പുഴ പാലത്തിന്റെയും റോഡിന്റേയും പ്രവർത്തന പുരോഗതി

52 (649) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ മാതാപ്പുഴ പാലത്തിന്റെയും റോഡിന്റെയും പ്രവർത്തന പുരോഗതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

മുറിഞ്ഞായക്കടവ് പാലം നിർമ്മാണത്തിന് നടപടി

53 (650) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം-പള്ളിപ്പുറം റോഡിൽ മുറിഞ്ഞായക്കടവ് പാലം നിർമ്മാണം സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

മുടപ്പത്തൂർ പുഴയ്ക്ക് പാലം നിർമ്മിക്കാൻ നടപടി

54 (651) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ മുടപ്പത്തൂർ പുഴയ്ക്ക് പാലം പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ ഇന്നത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന്റെ നിർമ്മാണം എന്നത്തേക്ക് തുടങ്ങാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്.

മുട്ടയ്ക്കാവ് പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ നടപടി

55 (652) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ മണ്ഡലത്തിലെ മുട്ടയ്ക്കാവ് പാലം നിർമ്മാണം ആരംഭിച്ച് 5 വർഷം കഴിഞ്ഞിട്ടും പൂർത്തിയാകാതിരിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly